19/04/2024 A.N

(Pages : 4)

**T – 1521**

Reg. No. : ............................

Name : .................................

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

## Sixth Semester B.A. Degree Examination, April 2024

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course XI

## ML 1641 : മലയാള ഭാഷ - സാഹിത്യചരിത്രം - II

## (2021 Admission)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക.

1. 'രാമചന്ദ്രവിലാസം മഹാകാവ്യം' രചിച്ചതാരാണ്?

2. മണിപ്രവാളശാകുന്തളം എന്ന പേരിൽ ശാകുന്തളം വിവർത്തനം ചെയ്തതാരാണ്?

3. കെ.സി. കേശവപിള്ള രചിച്ച മഹാകാവ്യം ഏതാണ്?

4. 'വിശ്വരൂപം', 'ഒരു വിലാപം' എന്നീ കൃതികൾ ആരുടേതാണ്?

5. എം.പി. പോളിന്റെ നോവൽ സാഹിത്യചരിത്രപുസ്തകത്തിന്റെ പേരെഴുതുക.

6. 'The Slayers Slain' എന്ന നോവലിന്റെ മലയാള പരിഭാഷ ഏതാണ്?

7. വർണരാജി എന്ന വിമർശനഗ്രന്ഥത്തിന്റെ കർത്താവാരാണ്?

8. എം.കെ. സാനു രചിച്ച ചങ്ങമ്പുഴയുടെ ജീവചരിത്രഗ്രന്ഥം ഏതാണ്?

P.T.O.

Scanned with CamScanner

9. സർറിയലിസത്തെ സ്വപ്നപ്രസ്ഥാനം എന്നു വിളിച്ച നിരൂപകൻ ആരാണ്?

10. 'ശീർഷാസനം', 'ചിതയിലെ വെളിച്ചം' എന്നീ ഗ്രന്ഥങ്ങളുടെ കർത്താവ് ആരാണ്?

**(10 × 1 = 10 Marks)**

II. അമ്പത് വാക്കിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക.

11. ''ദ്വിതീയാക്ഷരപ്രാസം തീർപ്പതു കൈരളീ മഹിളതൻ
മംഗല്യമാണോർക്കണം....'' എന്ന ചിന്ത ഉയർന്നുവരാനിടയായ സാഹചര്യമെന്ത്?

12. ഖണ്ഡകാവ്യങ്ങളുടെ അടിസ്ഥാന സ്വഭാവമെന്ത്?

13. 'പ്രരോദനം' എന്ന കൃതിയുടെ സവിശേഷതകൾ എന്തെല്ലാം?

14. റിയലിസം - കുറിപ്പെഴുതുക.

15. ഡോ. എം. ലീലാവതിയുടെ പ്രധാന കൃതികൾ പരിചയപ്പെടുത്തുക.

16. 'കണ്ണുനീർത്തുള്ളി' എന്ന കൃതിയുടെ പ്രാധാന്യമെന്ത്?

17. അറബിമലയാളത്തിന്റെ സവിശേഷതകളെന്തെല്ലാം?

18. ഹെർമ്മൻ ഗുണ്ടർട്ടിന്റെ ഭാഷാസേവനങ്ങൾ വിലയിരുത്തുക.

19. എസ്.കെ. പൊറ്റെക്കാടിന്റെ ഏതെങ്കിലും നാല് യാത്രാവിവരണകൃതികൾ പരിചയപ്പെടുത്തുക.

20. വർത്തമാനപുസ്തകത്തിന്റെ സവിശേഷതകൾ എന്തെല്ലാം?



Scanned with CamScanner

21. മാധ്യമമലയാളം - കുറിപ്പെഴുതുക.

22. കവിത്രയകവികളിൽ വള്ളത്തോൾ വ്യതിരിക്തനാകുന്നതെങ്ങനെയെന്ന് വിശദമാക്കുക.

**(8 × 2 = 16 Marks)**

III. നൂറു വാക്കിൽ കവിയാതെ **ആറ്** ചോദ്യത്തിന് ഉത്തരം എഴുതുക.

23. മഹാകാവ്യലക്ഷണമെഴുതി ഉദാഹരണസഹിതം വിവരിക്കുക.

24. വെൺമണിക്കവിതകളുടെ സവിശേഷതകളെക്കുറിച്ച് പ്രതിപാദിക്കുക.

25. ആത്മകഥ, ജീവചരിത്രം എന്നീ സാഹിത്യജനുസുകളിലെ സമകാലിക പ്രവണതകൾ വിലയിരുത്തുക.

26. മലയാളകവിതയിലെ ഉത്തരാധുനിക പ്രവണതകളെ ഉദാഹരണസഹിതം വ്യക്തമാക്കുക.

27. ആദ്യകാല മലയാളചെറുകഥകൾ പരിചയപ്പെടുത്തുക.

28. സാഹിത്യപഞ്ചാനനന്റെ വിമർശനരീതിയുടെ പ്രത്യേകതകൾ എന്തെല്ലാം?

29. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഭാഷാപരവും സാംസ്കാരികവുമായ സവിശേഷതകൾ വിവരിക്കുക.

30. ആഷാ മേനോൻ, വി.സി. ശ്രീജൻ എന്നിവരുടെ വിമർശനകൃതികൾ വിലയിരുത്തുക.

31. മലയാളം അച്ചടിയുടെ ചരിത്രത്തിൽ ബെഞ്ചമിൻ ബെയ്‌ലിക്കുള്ള സ്ഥാനമെന്ത്? സ്പഷ്ടമാക്കുക.

**(6 × 4 = 24 Marks)**



Scanned with CamScanner

IV. മുന്നൂറു വാക്കിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരം എഴുതുക.

32. മലയാളത്തിലെ ഖണ്ഡകാവ്യ പ്രസ്ഥാനത്തിന്റെ സവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക.

33. കൃഷ്ണഗാഥയുടെ ഭാഷാപരവും സാഹിത്യപരവുമായ സവിശേഷതകൾ വിലയിരുത്തുക.

34. മലയാള ഭാഷയുടെ വർത്തമാനകാലസ്ഥിതിയെക്കുറിച്ച് ഉപന്യസിക്കുക.

35. മലയാളം അച്ചടിയുടെ ചരിത്രം വ്യക്തമാക്കുക.

**(2 × 15 = 30 Marks)**



Scanned with CamScanner